ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ നടപടി ക്രമം,
തിരുവനന്തപുരം-14.

വിഷയം- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്-ജീവനക്കാര്യം-
നഴ്സിംഗ് തസ്തികയിലെ സ്ഥലംമാറ്റ ഉത്തരവിന്റെ ശുദ്ധീകരണം
പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

പരാമർശം-1) 5-2-2016 ലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്.
2) 11-2-2016 ല E2-691/16/RDD, CZ,EKM കത്ത്
3) ശ്രീ.ഗിരീഷ്കുമാർ ,നഴ്സിംഗ് അസിസ്റ്റന്റിന്റെ സ്ഥലംമാറ്റ അപേക്ഷ.

ഉത്തരവ് നം.ഇ 5-3815/2015/ഡി.ഐ.എം.എസ് തീയതി-15-02-2016.

പരാമർശം (1) ഉത്തരവ് പ്രകാരം നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലെ സ്ഥലംമാറ്റവും ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-I തസ്തികയിൽ നിന്ന് നഴ്സിംഗ് അസിസ്റ്റന്റായി ഉദ്യോഗക്കയറ്റവും അനുവദിച്ച് ഉത്തരവായിരുന്നു. പ്രസ്തുത സ്ഥലംമാറ്റ ഉത്തരവിൽ ക്രമ നമ്പർ (2) (3) എന്നിവ എറണാകുളം ജില്ലക്കകത്ത് തന്നെയുള്ള പരസ്പര സ്ഥലംമാറ്റമാണ്.

പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷ നൽകി കാത്തിരിക്കുന്ന സാഹചര്യത്തിലും എറണാകുളം ജില്ലയിൽ ഒരു സ്ഥാപനത്തിൽ മൂന്നുവർഷത്തിലധികമായി ജോലി ചെയ്തുവരുന്ന വികലാംഗനായ ശ്രീ.ഗിരീഷ്കുമാർ നഴ്സിംഗ് അസിസ്റ്റന്റിന്റെ പരാതിയുടെ അടിസ്ഥാനത്തിലും പരാമർശം (1) ഉത്തരവിലെ ക്രമനമ്പർ (2) ശ്രീ. ക.എൻ ഗോപി, ഇ.എസ്.ഐ ഡിസ്പെൻസറി,ആലുവയിൽ നിന്ന് ഇ.എസ്.ഐ.ഡിസ്പെൻസറി അത്താണിയിലേക്കും ക്രമനമ്പർ (3) T.K.ബഷീർ ഇ.എസ്.ഐ. ഡിസ്പെൻസറി അത്താണിയിൽ നിന്നും ഇ.എസ്.ഐ. ഡിസ്പെൻസറി, ആലുവയിലേക്കും ഉള്ള സ്ഥലംമാറ്റങ്ങൾ റദ്ദ് ചെയ്ത്, ടി ഉത്തരവിന് ഇതിനാൽ ശുദ്ധിപത്രം പുറപ്പെടുവിക്കുന്നു. ടിയാളുകൾ ഇതിനകം പുതിയ സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരെ പഴയ സ്ഥാപനങ്ങളിലേക്ക് തിരികെ വിടേണ്ടതാണ്. പരാമർശം(1) ഉത്തരവിൽ മേൽപ്പറഞ്ഞിരിക്കുന്ന മാറ്റങ്ങൾ മാത്രം വരുത്തിയിട്ടുള്ളതാണ്.

ഒപ്പ്,
ഡോ.എം. ബീനത്ത്,
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ

സ്വീകർത്താവ്
ബന്ധപ്പെട്ട ജീവനക്കാർ ( സ്ഥാപന മേധാവി മുഖേന)

പകർപ്പ്
1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ , ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് , മദ്ധ്യ മേഖല, എറണാകുളം.
2. ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ , ഇ.എസ്.ഐ.ഡിസ്പെൻസറി, ആലുവ/ അത്താണി
3. ഫയൽ / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്.